ഉത്തരം

(എ) ഓരോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്ന പതിവില്ല. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തയ്യാറാക്കുന്ന അനുയോജ്യമായ പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ ബജറ്റിൽനിന്നും ധനസഹായം നൽകുകയാണ് ചെയ്തുവരുന്നത്. 1997-98-ൽ സ്വീകാര്യമായ പദ്ധതി ലഭിക്കായ്കയാൽ ധനസഹായം നൽകിയില്ല. 1998-99-ൽ മൊത്തം 16.95 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) 1998-99-ൽ 18,62,657 രൂപ ചെലവഴിച്ചതായി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അനുവദിച്ച തുക മുഴുവനും വിനിയോഗിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടന്നുവരുന്നുണ്ട്. സംസ്ഥാന സഹായം ഗഡുക്കളായാണ് നൽകുന്നത്. ആദ്യഗഡുവിന്റെ വിനിയോഗം പരിശോധിച്ച ശേഷമേ അടുത്ത ഗഡു നൽകുന്ന പതിവുള്ളൂ.

100 (726) ഹൗസ് ബോട്ടുകളുടെ ഉപയോഗം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഹൗസ് ബോട്ടുകൾ കഴിഞ്ഞ സീസണിൽ എത്ര ടൂറിസ്റ്റുകൾ ഉപയോഗിച്ചിട്ടുണ്ട്;

(ബി) വിദേശ ടൂറിസ്റ്റുകൾ പ്രസ്തുത ബോട്ടുകളിൽ താമസിച്ചിട്ടുണ്ടോ;

(സി) രണ്ട് ബോട്ടുകളിൽ ഒരു ബോട്ട് കുറ്റിയാടിപ്പുഴയിൽ (മൂറാട്) ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഹൗസ് ബോട്ടുകൾ കഴിഞ്ഞ സീസണിൽ ആകെ 1278 ടൂറിസ്റ്റുകൾ 162 ഗ്രൂപ്പ് ബുക്കിംഗിലായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലയിലെ സഞ്ചാരയോഗ്യമായ പുഴകളിലൂടെയും കനാലുകളിലൂടെയും ടൂറിസ്റ്റുകൾക്ക് താൽപ്പര്യമുള്ള റൂട്ടുകളിലാണ് ഇപ്പോൾ ഹൗസ് ബോട്ടുകൾ ഉപയോഗിച്ചുവരുന്നത്. കുറ്റ്യാടിപ്പുഴയിലേയ്ക്ക് മാത്രമായി ഒരു ബോട്ട് ഓടിക്കുവാൻ നിവൃത്തിയില്ല. കുറ്റ്യാടിപ്പുഴയിൽ സഞ്ചാരയോഗ്യമായ സ്ഥലംവരെ വിനോദസഞ്ചാരികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സർവ്വീസുകൾ നടത്താവുന്നതാണ്.

101 (727) കോന്നിയിലെ ആനക്കൂടിനോടനുബന്ധിച്ച് സുവോളജിക്കൽ പാർക്ക്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly